DESPATCHED
On..21.9.22.



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 1733(3)/2021** *എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.13398/*എസ്.ഐ.സി–ജി 1/2021*)

സന്നിഹിതൻ

എ. അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ

തീയതി : 22.09.2022

ശ്രീമതി സുലേഖ ബാബു കെ.വി.,
രാജ് ലേഖാ നിവാസ്,
ആട്ടുകാൽ, പനയമുട്ടം പി.ഒ,
നെടുമങ്ങാട് – 695 561,
തിരുവനന്തപുരം. — അപ്പീൽ ഹർജിക്കാരി

Vs.

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   നെടുമങ്ങാട് നഗരസഭ,
   നെടുമങ്ങാട് പി.ഒ,
   തിരുവനന്തപുരം – 695 541.
2. അപ്പീൽ അധികാരി,
   നെടുമങ്ങാട് നഗരസഭ,
   നെടുമങ്ങാട് പി.ഒ,
   തിരുവനന്തപുരം – 695 541.

— എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 12/07/2021 & 20/07/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | -- |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 15/09/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | -- |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 21/10/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 22/10/2021 |

## ഉത്തരവ്

തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് ആട്ടുകാൽ, രാജ് ലേഖാ നിവാസിൽ സുലേഖ ബാബു കെ.വി തന്റെ പെൻഷൻ ആനുകൂല്യങ്ങളും മറ്റും ലഭിക്കാത്തതിന്റെ കാരണമന്വേഷിച്ച് നെടുമങ്ങാട് നഗരസഭയ്ക്ക് നൽകിയ അപേക്ഷയാണ് ഈ അപ്പീലിന് കാരണമായത്. 27 വർഷത്തെ

സേവനത്തിന് ശേഷം 31.05.2018 ൽ സീനിയർ ക്ലർക്ക് തസ്തികയിൽ നിന്ന് വിരമിച്ചതാണ് താനെന്ന് സുലേഖ ബാബു അപ്പീലിൽ ബോധിപ്പിച്ചിരിക്കുന്നു. തന്റെ സർവ്വീസിലെ 16-ാം വർഷവും 27-ാം വർഷവും ലഭിക്കേണ്ടിയിരുന്ന ഗ്രേഡ് പ്രൊമോഷൻ, പെൻഷൻ ഫിക്സേഷൻ മറ്റ് ആനുകൂല്യങ്ങൾ എന്നിവ സംബന്ധിച്ചും സുലേഖ ബാബു നഗരസഭയിൽ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിൽ അന്വേഷണം നടത്തിയിരുന്നു. 12.07.2021 ലും 20.07.2021 ലും അപേക്ഷ നൽകിയെങ്കിലും 45 ദിവസം കഴിഞ്ഞിട്ടും മറുപടി ലഭിക്കാത്തതിനെ തുടർന്ന് 15.09.2021 ന് നഗരസഭയിൽ അപ്പീൽ സമർപ്പിക്കുകയും ചെയ്തു. എന്നാൽ 21.10.21 ന് ഈ കമ്മീഷനിൽ സമർപ്പിച്ച രണ്ടാം അപ്പീലിൽ ടിയാളുടെ ഒന്നാം അപ്പീലിന് അന്നേവരെ മറുപടി ലഭ്യമായിട്ടില്ലെന്ന് പരാതിപ്പെട്ടിരിക്കുന്നു.

2) ന്യൂറോ സംബന്ധമായ ഗുരുതര രോഗത്താൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സയിലാണ് താനെന്നും വിരമിച്ച് 3 വർഷം കഴിഞ്ഞിട്ടും പെൻഷനും മറ്റ് ആനുകൂല്യങ്ങളും ലഭിക്കാതെ താൻ ബുദ്ധിമുട്ടുകയാണെന്നും സുലേഖ ബാബു കമ്മീഷനെ അറിയിച്ചിരിക്കുന്നു. സുലേഖ ബാബുവിന്റെ അപേക്ഷയിന്മേൽ ഈ കമ്മീഷൻ നേരിട്ട് ഹിയറിംഗ് നടത്തുന്നതിന് നോട്ടീസ് നൽകിയെങ്കിലും ആയത് കൈപ്പറ്റിയതിന് ശേഷം സുലേഖ ബാബു 12.09.2022 ന് മരണപ്പെട്ടു പോയി എന്നാണ് ഹിയറിംഗ് വേളയിൽ ഹാജരായ നഗരസഭ എസ്.പി.ഐ.ഒ ശ്രീ. സുനിൽ കുമാർ വാക്കാൽ കമ്മീഷന് മുമ്പാകെ ബോധിപ്പിച്ചത്.

3) എസ്.പി.ഐ.ഒ ഹാജരാക്കിയ നഗരസഭ സെക്രട്ടറി ഒപ്പിട്ടിട്ടുള്ള റിപ്പോർട്ടിൽ A2/7710/21 നമ്പറായി സുലേഖ ബാബു കെ.വി സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി നൽകിയിരുന്നതായും അവരുടെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും കുടിശിഖയില്ലാതെ ലഭ്യമാക്കിയിട്ടുള്ളതായും മാസംതോറും കൃത്യമായ പെൻഷൻ നൽകി വരുന്നതായും രേഖപ്പെടുത്തി കാണുന്നു. അവരുടെ സേവന കാലത്തെ 16-ാം വർഷവും 27-ാം വർഷവും ലഭിക്കേണ്ടിയിരുന്ന ഗ്രേഡുകൾ അനുവദിച്ച് അപ്രകാരമുള്ള ആനുകൂല്യങ്ങൾ എത്രയും വേഗം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് സെക്രട്ടറി കമ്മീഷൻ മുമ്പാകെ വിശദീകരിച്ചിരിക്കുന്നു.

4) 2021 ജൂലൈ മാസം 12, 20 തീയതികളിൽ സുലേഖാ ബാബു സമർപ്പിച്ച അപേക്ഷയ്ക്ക് മൂന്നാം മാസം (13.10.2021) മാത്രമാണ് നഗരസഭയിൽ

നിന്ന് മറുപടി നൽകിയിട്ടുള്ളത് എന്ന് സെക്രട്ടറിയുടെ റിപ്പോർട്ടിൽ നിന്ന് തന്നെ ബോധ്യമാകുന്നു. വിവരാവകാശ നിയമം വകുപ്പ് 7(1) പ്രകാരം ഒരു അപേക്ഷയ്ക്ക് പരമാവധി 30 ദിവസത്തിനകത്ത് മറുപടി നൽകേണ്ടതാണ്. ആ നിലയ്ക്ക് നെടുമങ്ങാട് നഗരസഭയിലെ അന്നത്തെ എസ്.പി.ഐ.ഒ നിയമ ലംഘനം നടത്തിയിട്ടുള്ളതായി കാണുന്നു. ഈ കൃത്യവിലോപത്തിന് 2021 ജൂലൈ 12, 20 തീയതികളിൽ നെടുമങ്ങാട് നഗരസഭയിൽ എസ്.പി.ഐ.ഒ ആയിരുന്ന വ്യക്തിയെ വിവരാവകാശ നിയമം 2005 വകുപ്പ് 20(1) പ്രകാരം ശിക്ഷിക്കാതിരിക്കാൻ തക്കതായ കാരണമുണ്ടെങ്കിൽ ആയത് ശേഖരിച്ച് 2022 ഒക്ടോബർ 15 നകം ഈ കമ്മീഷൻ മുമ്പാകെ സമർപ്പിക്കുവാൻ നെടുമങ്ങാട് നഗരസഭ സെക്രട്ടറിയോട് നിർദ്ദേശിക്കുന്നു. അപേക്ഷകക്ക് നൽകിയ വിവരങ്ങളുടെ ഒരു പകർപ്പ് കൂടി നിയമപ്രകാരമുള്ള അനന്തരാവകാശി/ അവകാശി ആവശ്യപ്പെട്ടാൽ നൽകേണ്ടതാണെന്നും ഉത്തരവാകുന്നു.

5) മേൽ പ്രസ്താവിച്ച പ്രകാരം, ഈ അപ്പീൽ ഹർജി കമ്മീഷൻ ഇന്നേ ദിവസം (2022 സെപ്റ്റംബർ മാസം 22-ാം തീയതി) താൽക്കാലിക ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**എ. അബ്ദുൽ ഹക്കീം**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

vkm

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM